**പതിനാലാം കേരള നിയമസഭ**

**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2960** **07.12.2018-ലെ മറുപടി**

**എൻ.സി.പി.സി കുടിവെള്ള പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.ടി.എ. റഹീം** | **കെ. കൃഷ്ണൻകുട്ടി**<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ എൻ.സി.പി.സി കുടിവെള്ള പദ്ധതിക്കായി നിർമ്മിച്ച കിണർ ചരിഞ്ഞു പോയത് കാരണം ഉണ്ടായ പ്രശ്നം പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ; | എ) ചാത്തമംഗലം ഗ്രാമപഞ്ചായത്തിലെ എൻ. സി. പി. സി കുടിവെള്ള പദ്ധതിക്കായി നിർമ്മിച്ച കിണർ ചരിഞ്ഞു ഉപയോഗ ശൂന്യമായതുകാരണം പഞ്ചായത്ത് ആവശ്യപ്പെട്ട പ്രകാരം പ്രസ്തുത കുടിവെള്ള പദ്ധതിയിലേക്ക് ബൾക്ക് മീറ്റർ സ്ഥാപിച്ച് കുളിമാട് പ്ലാന്റിൽ നിന്നും ആവശ്യമായ കുടിവെള്ളം ലഭ്യമാക്കാൻ 85 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ തയ്യാറാക്കി പ്രസ്തുത പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഫണ്ട് പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്യുന്ന മുറയ്ക്ക് പദ്ധതി കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്നതാണ്. |
| ബി) കുളിമാട് 72 എം.എൽ.ഡി ട്രീറ്റ്മെന്റ് പ്ലാന്റിൽ നിന്ന് എൻ.സി.പി.സി കുടിവെള്ള പദ്ധതി ടാങ്കിലേക്ക് വെള്ളം ലഭ്യമാക്കാൻ അനുമതി നൽകുമോ;<br>സി) ഇത് സംബന്ധിച്ച് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ? | ബി & സി) ചാത്തമംഗലം പഞ്ചായത്തിലെ എൻ. സി. പി. സി കുടിവെള്ളപദ്ധതിയുടെ ടാങ്ക് കേരള വാട്ടർ അതോറിറ്റിയുടെ കുളിമാടിൽ നിലവിലുള്ള ടാങ്കിനേക്കാൾ ഉയരത്തിൽ സ്ഥിതി ചെയ്യുന്നതിനാൽ കുളിമാട് ടാങ്കിൽ നിന്നും നേരിട്ട് വെള്ളം എത്തിക്കുന്നത് സാങ്കേതികമായി സാധ്യമല്ല. ആയതിനാൽ 50000 ലിറ്റർ ശേഷിയുള്ള ഒരു ഭൂതല ജല സംഭരണി നിർമ്മിച്ച് കുളിമാട് പ്ലാന്റിൽ നിന്നും ആവശ്യമായ ജലം പ്രസ്തുത ഭൂതല ജല സംഭരണിയിൽ എത്തിച്ച് അവിടെ നിന്നും ചാത്തമംഗലം പഞ്ചായത്തിലെ എൻ.സി.പി.സി കുടിവെള്ളപദ്ധതിയുടെ ഉന്നതതല ജല സംഭരണിയിലേക്ക് പമ്പ് ചെയ്ത് ജലവിതരണം നടത്തുന്നതിലുള്ള പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്. 85 ലക്ഷം രൂപചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതി തയ്യാറാക്കി പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ഫണ്ട് പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്യുന്നമുറയ്ക്ക് മാത്രമേ പദ്ധതി നടപ്പിലാക്കാൻ കഴിയുകയുള്ളൂ. |

Renuka Baskar

സെക്ഷൻ ഓഫീസർ